**സംസ്ഥാനമിഷൻ ഓഫീസിൽവച്ച് 9.2.2018 -ൽ പി.ഒ(എം.ഐ.എസ്) യുടെ നേതൃത്വത്തിൽ നടന്ന എ.ഡി.എം.സി(ഓർഗനൈസേഷൻ,എം.എഫ് & എം.ഐ.എസ് )മാരുടെ റിവ്യൂ മീറ്റിംഗിന്റെ മിനിറ്റ്സ്**

എൻ.ആർ.എൽ.എം എം.ഐ.എസ് പ്രവർത്തനങ്ങളായ എൻ.എച്ച്.ജി , എ.ഡി.എസ് & സി.ഡി.എസ് പ്രൊഫൈൽ ക്രിയേഷൻ, ഫണ്ട് ഡിസ്ബേഴ്സ്മെന്റ് മൊഡ്യൂൾ ഡാറ്റ എൻട്രി, TBSDAS(ട്രാൻസാക്ഷൻ ബേയ്സ്ഡ് എസ്.എച്ച്.ജി ഡിജിറ്റൽ അക്കൗണ്ടിംഗ് സിസ്റ്റം) എന്നിവയുടെ ജില്ലകളിലെ പ്രവർത്തന പുരോഗതിയുടെ അവതരണം നടന്നു.

എൻ.എച്ച്.ജി പ്രൊഫൈൽ ക്രീയേഷൻ പൂർത്തിയാക്കിയ തൃശ്ശൂർ,വയനാട്,പാലക്കാട് ജില്ലാ മിഷനുകളെ അഭിനന്ദിച്ചു. തുടർന്ന് പുരോഗതിയനുസരിച്ച് എല്ലാ ജില്ലകളിൽനിന്നും എൻ.ആർ.എൽ.എം എം.ഐ.എസ് പോർട്ടലിൽ അപ്ഡേറ്റ് ചെയ്യപ്പെടേണ്ടതാണെന്ന് നിർദ്ദേശിച്ചു.

ട്രാൻസാക്ഷൻ ബേയ്സ്ഡ് എസ്.എച്ച്.ജി ഡിജിറ്റൽ അക്കൗണ്ടിംഗ് സിസ്റ്റം(TBSDAS) പ്രവർത്തനത്തിൽ മുന്നിൽ നിൽക്കുന്ന പാലക്കാട് ജില്ലാ മിഷനെ അഭിനന്ദിച്ചു.

റിവ്യൂ മീറ്റിംഗിൽ എടുത്ത പ്രധാന തീരുമാനങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

1. ഗ്രാമീണ അയൽക്കൂട്ടങ്ങളുടെ പ്രൊഫൈൽ ക്രീയേഷൻ, എൻ.ആർ.എൽ.എം എം.ഐ.എസിൽ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണെന്ന് പി.ഒ(എം.ഐ.എസ്) നിർദ്ദേശിച്ചു. ടി പ്രവർത്തനം പൂർത്തിയാക്കുന്നതിനായി ജില്ലാ മിഷനുകൾ പറഞ്ഞിരിക്കുന്ന അവസാന തീയതി താഴെ കൊടുത്തിരിക്കുന്നു.
കൊല്ലം - ഫെബ്രുവരി 20, ആലപ്പുഴ-ഫെബ്രുവരി 20, ഇടുക്കി- ഫെബ്രുവരി 28, കോട്ടയം -മാർച്ച് 20, എറണാകുളം- മാർച്ച് 15, പത്തനംതിട്ട- മാർച്ച് 15, കണ്ണൂർ- മാർച്ച് 10, കോഴിക്കോട്-മാർച്ച് 20, മലപ്പുറം - മാർച്ച് 20, തിരുവനന്തപുരം - മാർച്ച്20, കാസർഗോഡ് - മാർച്ച് 20.

2. മതിയായ കാരണമില്ലാതെ, അയൽക്കൂട്ടങ്ങളുടെ പ്രൊഫൈൽ ക്രീയേഷൻ എൻ.ആർ.എൽ.എം എം.ഐ.എസിൽ പൂർത്തിയാക്കാത്ത സി.ഡി.എസ് അക്കൗണ്ടന്റുമാരുടെ വിവരം അതാത് ജില്ലാ മിഷനുകൾ 12.02.2018 -ന് സംസ്ഥാന മിഷൻ ഓഫീസിൽ നൽകേണ്ടതാണ്.

3. എല്ലാ എ.ഡി.എം.സി(ഓർഗനൈസേഷൻ,എം.എഫ് & എം.ഐ.എസ് ), ഡി.പി.എം(എം.എഫ്)മാർക്കും മാർച്ച് മാസത്തിൽ സംസ്ഥാന മിഷൻ ഓഫീസിൽ വച്ച് എം.ഐ.എസ് അവബോധ ക്ലാസ്സും തുടർന്ന് ടെസ്റ്റും ഉണ്ടായിരിക്കുന്നതാണ്.

4. ട്രാൻസാക്ഷൻ ബേയ്സ്ഡ് എസ്.എച്ച്.ജി ഡിജിറ്റൽ അക്കൗണ്ടിംഗ് സിസ്റ്റം(TBSDAS) പരിശീലനം ആവശ്യമുള്ള മാസ്റ്റർ ട്രെയിനർമാർ, ഡി.പി.എം(എംഎഫ്),എൻആർഎൽഎം അക്കൗണ്ടന്റ് എന്നിവർക്ക് ജില്ലാ മിഷന്റെ ആവശ്യാനുസരണം സംസ്ഥാന മിഷൻ ഓഫീസിൽ വച്ച് പരിശീലനം നൽകുന്നതാണ്.

5. TBSDAS ഡാറ്റ എൻട്രിയുടെ 50%, 2018 മാർച്ചിൽ പൂർത്തിയാക്കേണ്ടതാണ്.

6. 2017-18 സാമ്പത്തിക വർഷത്തിലെ എൻ.ആർ.എൽ.എം ഫണ്ട് ഡിസ്ബേഴ്സ്മെന്റ് (ആർ.എഫ്, വി.ആർ.എഫ്, സി.ഐ.എഫ്/സി.ഇ.എഫ്)ഡാറ്റ, എൻ.ആർ.എൽ.എം എം.ഐ.എസ് പോർട്ടലിലെ ഫണ്ട് ഡിസ്ബേഴ്സ്മെന്റ് മൊഡ്യൂൾ വഴി അടിയന്തിരമായി ഡാറ്റ എൻട്രി ചെയ്യേണ്ടതാണ്.

7. എൻ.ആർ.എൽ.എം എം.ഐ.എസ് പ്രവർത്തനങ്ങളായ എൻ.എച്ച്.ജി, എ.ഡി.എസ്&സി.ഡി.എസ് പ്രൊഫൈൽ ക്രിയേഷൻ, ഫണ്ട് ഡിസ്ബേഴ്സ്മെന്റ് മൊഡ്യൂൾ ഡാറ്റ എൻട്രി, എം.പി.ആർ ഡാറ്റ എൻട്രി എന്നിവയിൽ പരിജ്ഞാനം ആവശ്യമുള്ള ഡി.പി.എം (എം.എഫ്), എൻ.ആർ.എൽ.എം അക്കൗണ്ടന്റ് എന്നിവർക്ക് ജില്ലാ മിഷന്റെ ആവശ്യാനുസരണം സംസ്ഥാന മിഷൻ ഓഫിസിൽ വച്ച് ഇതിനുള്ള പരിശീലനം നൽകുന്നതാണ്.

8. പൂർത്തിയാകാത്ത എ.ഡി.എസ് &സി.ഡി.എസ് പ്രൊഫൈൽ ക്രിയേഷൻ, സി.ഡി.എസ് അക്കൗണ്ടന്റുമാരെ പങ്കെടുപ്പിച്ച് ക്യാമ്പയിൻ നടത്തി പൂർത്തിയാക്കേണ്ടതാണ്.

9. എ.ഡി.എം.സി (ഓർഗനൈസേഷൻ, എം.എഫ് & എം.ഐ.എസ്) മാരുടെ നേതൃത്വത്തിൽ സി.ഡി.എസ് അക്കൗണ്ടന്റുമാർ, ബന്ധപ്പെട്ട ബ്ലോക്ക് കോർഡിനേറ്റർമാർ, എൻ.ആർ.എൽ.എം അക്കൗണ്ടന്റ്, ഡി.പി.എം (എം.എഫ്) എന്നിവരെ പങ്കെടുപ്പിച്ച് രണ്ടാഴ്ചയിലൊരിക്കൽ എം.ഐ.എസ് പ്രവർത്തനങ്ങളുടെ റിവ്യൂ മീറ്റിംഗ് നടത്തേണ്ടതാണ്. സി.ഇ.എഫ് / സി.ഐ.എഫ് ഡാറ്റ എൻട്രിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി ഡി.പി.എം(മാർക്കറ്റിംഗ്) നെയും റിവ്യൂ മീറ്റിംഗിൽ ഉൾപ്പെടുത്തേണ്ടതാണ്.

10. എല്ലാ എൻ.ആർ.എൽ.എം എം.ഐ.എസ് പ്രവർത്തനങ്ങളുടെയും ജില്ലാ തലത്തിലുള്ള സ്റ്റാറ്റസ് റിപ്പോർട്ട് ഓരോ ആഴ്ചയിലും സംസ്ഥാന മിഷൻ ഓഫീസിൽ നിന്നും എല്ലാ ജില്ലാ മിഷനുകൾക്കും നൽകുന്നതാണ്. ഈ രീതിയിൽ സി.ഡി.എസ് തലത്തിലുള്ള സ്റ്റാറ്റസ് റിപ്പോർട്ട് ജില്ലാ മിഷനുകൾ തയ്യാറാക്കി റിവ്യൂ മീറ്റിംഗ് നടത്തേണ്ടതാണ്.

11. ഗ്രാമീണ സി.ഡി.എസ് അക്കൗണ്ടന്റുമാർ എൻ.ആർ.എൽ.എം എം.ഐ.എസ് പോർട്ടലിലെ എ.ഡി.എസ്&സി.ഡി.എസ് പ്രൊഫൈൽ ക്രിയേഷൻ പരിശോധിച്ച് അവരുടേതല്ലാത്ത പഞ്ചായത്ത്/ വാർഡുകൾ ലിങ്ക്(മാപ്പിംഗ്) ചെയ്തിട്ടുണ്ടെങ്കിൽ ആയത് അൺലിങ്ക്(റിമൂവ്) ചെയ്യേണ്ടതാണ്. തുടർന്ന് എല്ലാ എ.ഡി.എസ്&സി.ഡി.എസുകളുടേയും പ്രൊഫൈൽ ക്രിയേഷൻ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

12. TBSDAS പ്രവർത്തനത്തിനായി ലാപ്ടോപ്പ്, ഇന്റർനെറ്റ് ആവശ്യത്തിനായുള്ള ഡോങ്കിൾ എന്നിവ ഇതുവരെ വാങ്ങിയിട്ടില്ലാത്ത ഗ്രാമീണ സി.ഡി എസുകളിൽ നിന്നും, ടി ആവശ്യത്തിനായി നൽകിയിട്ടുള്ള തുക തിരിച്ചെടുത്ത് ജില്ലാ മിഷനുകൾ ലാപ്ടോപ്പ് & ഡോങ്കിൾ എന്നിവ വാങ്ങി സി.ഡിഎസുകൾക്കു നൽകേണ്ടതാണ്.

മേൽപ്പറഞ്ഞ റിവ്യൂ മീറ്റിംഗിൽ പി.ഒ(എം.ഐ.എസ്), ജില്ലാ മിഷനുകളിലെ എ.ഡി.എം.സി(ഓർഗനൈസേഷൻ,എം.എഫ് & എം.ഐ.എസ് )മാർ, ജയറാം [മാനേജർ(എൻ.ആർ.എൽ.എം എം.ഐ.എസ്)], സുരഭി [സോഫ്റ്റ്‌വെയർ എൻജിനീയർ, സ്റ്റേറ്റ് എം.ഐ.എസ്] എന്നിവർ പ്ങ്കെടുത്തു.

P.O (M.I.S)